"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. നിന്റു. എം, ഓഫീസ് അറ്റൻഡന്റ്, സാമൂഹികാരോഗ്യ കേന്ദ്രം, നരിക്കുനി, കോഴിക്കോട് - പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1971/2026/H&FWD തീയതി, തിരുവനന്തപുരം, 09-06-2026

---

പരാമർശം:-

1. ശ്രീമതി. നിന്റു. എം സമർപ്പിച്ച 27.11.2025 തീയതിയിലെ അവധി അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 23.03.2026 തീയതിയിലെ ഇ.എഫ്.1-27923/2025/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് നരിക്കുനി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീമതി.നിന്റു. എം.-ന് ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് ചെയ്യുന്നതിന് 01.12.2025 മുതൽ 30.11.2027 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്ന പരാമർശം (1) അപേക്ഷ പരാമർശം (2) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന് ചേർന്ന് പഠിക്കുന്നതിനായി അപേക്ഷകയെ 01.12.2025 പൂർവ്വാഹ്നത്തിൽ നരിക്കുനി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും വിടുതൽ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് നരിക്കുനി സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീമതി.നിന്റു. എം.-ന്, 01.12.2025 മുതൽ 30.11.2027 വരെ കെ.എസ്.ആർ. ഭാഗം- I, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജി സി എൻ

അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ, കോഴിക്കോട്.

മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം, നരിക്കുനി, കോഴിക്കോട്.

ശ്രീമതി. നിന്റു. എം, ഓഫീസ് അറ്റൻഡന്റ്, സാമൂഹികാരോഗ്യ കേന്ദ്രം, നരിക്കുനി, കോഴിക്കോട് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ് (29.05.2026 തീയതിയിലെ E 3474699/HLT-B3/425/2026-FIN നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ശേഖരം/ ഓഫീസ് കോപ്പി (F2/83/2026-HEALTH ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
സെക്ഷൻ ഓഫീസർ
Date: 09-06-2026 13:50:16